**BSNL EMPLOYEES UNION**
(Regd. under Indian Trade Union Act 1926. Regn. No. 4896)
**KERALA CIRCLE**
P&T House, Thiruvananthapuram 695001.

സർക്കുലർ നമ്പർ: 53/2018-2020 തീയതി: 16-08-2019

# റഫറണ്ടം പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക

സഖാവെ,

ബി.എസ്.എൻ.എൽ. മേഖലയിലെ 8-ാമത് റഫറണ്ടത്തിന് ഇനി ദിവസങ്ങൾ മാത്രം. പല ജില്ലകളിലും റഫറണ്ടത്തിന്റെ പ്രവർത്തനങ്ങൾ ഊർജിതമായിട്ടില്ലെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. നമ്മുടെ എതിരാളികളുടെ പ്രവർത്തനങ്ങൾ അതിശക്തമാണ്. ബി.എസ്.എൻ.എൽ.ലെ ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിമൂലം ജീവനക്കാരിൽ ഉണ്ടായിട്ടുള്ള ആശങ്കയും അസംതൃപ്തിയും നമ്മുടെ സംഘടനക്കെതിരെ തിരിച്ചുവിടാനുള്ള ബോധപൂർവ്വമായ പ്രവർത്തനങ്ങളും അവർ നടത്തുന്നുണ്ട്. അതുകൊണ്ട് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടുപോകണം. സർക്കിൾ പ്രവർത്തകസമിതി തീരുമാനിച്ച ജില്ലാ കൺവെൻഷൻ, ബൂത്ത് കൺവെൻഷൻ, മഹിളാ കൺവെൻഷൻ, ഗൃഹസന്ദർശനം, ക്വാർട്ടേഴ്സ് കേന്ദ്രീകരിച്ച സ്ക്വാഡ്, ഓഫീസ്/എക്സ്ചേഞ്ചുകൾ കേന്ദ്രീകരിച്ചുള്ള സ്ക്വാഡ് പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുണ്ട്. താഴെപറയുന്നതരത്തിൽ ചിട്ടയായ പ്രവർത്തനം സംഘടിപ്പിക്കണം.

| | | |
|---|---|---|
| ജില്ലാ കൺവെൻഷൻ | : | ആഗസ്റ്റ് 19 മുതൽ 24 വരെ |
| ബൂത്ത് കൺവെൻഷൻ | : | ആഗസ്റ്റ് 26 മുതൽ 31 വരെ |
| മഹിളാ കൺവെൻഷൻ | : | സെപ്തംബർ 2 മുതൽ 5 വരെ |
| ഗൃഹസന്ദർശനം, സ്ക്വാഡ് പ്രവർത്തനം | : | സെപ്തംബർ 6 മുതൽ |

ജില്ലാ കൺവെൻഷൻ/ബൂത്ത് കൺവെൻഷനുകളിൽ പങ്കെടുക്കേണ്ട സംസ്ഥാന ഭാരവാഹികളുടെ വിവരം താഴെകൊടുക്കുന്നു.ജില്ലാ കൺവെൻഷന്റെയും, ബൂത്ത് കൺവെൻഷന്റെയും തീയ്യതികൾ തീരുമാനിച്ച് ചുമതലയുള്ള സഖാക്കളെയും, സർക്കിൾ യൂണിയനെയും അറിയിക്കണം.

| | | |
|---|---|---|
| കണ്ണൂർ | : | സഖാക്കൾ പി.ആർ.പരമേശ്വരൻ, പി.മനോഹരൻ, പി.ടി. ഗോപാലകൃഷ്ണൻ, കെ.രമാദേവി. |
| കോഴിക്കോട് | : | സഖാക്കൾ പി.മനോഹരൻ, എ.പുരുഷോത്തമൻ, വി. ഭാഗ്യലക്ഷ്മി. |
| മലപ്പുറം | : | സഖാക്കൾ വി.ഭാഗ്യലക്ഷ്മി, എ.പുരുഷോത്തമൻ, എ.ബാലകൃഷ്ണൻ. |
| പാലക്കാട് | : | സഖാക്കൾ വി.ഭാഗ്യലക്ഷ്മി, പി.ടി.ഗോപാലകൃഷ്ണൻ, പി.ആർ.പരമേശ്വരൻ. |

| | | |
|---|---|---|
| തൃശ്ശൂർ | : | സഖാക്കൾ പി. മനോഹരൻ, കെ.വി.പ്രേംകുമാർ, യു.എസ് കൃഷ്ണൻകുട്ടി. |
| എറണാകുളം | : | സഖാക്കൾ പി.ആർ.പരമേശ്വരൻ, കെ.മോഹനൻ, പൊന്നമ്മ തങ്കൻ. |
| കോട്ടയം | : | സഖാക്കൾ പി.ആർ.പരമേശ്വരൻ, കെ.മോഹനൻ, പൊന്നമ്മ തങ്കൻ, കെ.പി.മധുകുമാർ. |
| ആലപ്പുഴ | : | സഖാക്കൾ സി.സന്തോഷ്കുമാർ, കെ.എൻ. ജ്യോതിലക്ഷ്മി, സുരേന്ദ്രൻ. |
| പത്തനംതിട്ട | : | സഖാക്കൾ പി.മനോഹരൻ, ഡി.അഭിലാഷ്, കെ.പി.മധുകുമാർ. |
| കൊല്ലം | : | സഖാക്കൾ സി.സന്തോഷ്കുമാർ, കെ.സി.കൃഷ്ണകുമാർ, ജ്യോതിലക്ഷ്മി, ഡി.അഭിലാഷ്. |
| തിരുവനന്തപുരം | : | സഖാക്കൾ സി.സന്തോഷ്കുമാർ, പി.ഗോപകുമാർ, ആർ. രാജേഷ് കുമാർ, ജി.ഗോപ കുമാർ. |
| സർക്കിൾ ഓഫീസ് | : | സഖാക്കൾ വി.ഭാഗ്യലക്ഷ്മി, സി.സന്തോഷ്കുമാർ, പി.ഗോപകുമാർ. |

**കരാർ തൊഴിലാളി സമരം:**

കരാർ തൊഴിലാളികൾക്ക് ഏഴു മാസമായി ശമ്പളം ലഭിച്ചിട്ട്. സമരം തുടരുകയാണ്. ഓണത്തിനു മുമ്പ് ശമ്പളം ലഭിക്കുമെന്ന് ഒരു ഉറപ്പുമില്ല. വളരെ ദുരിതത്തിലാണ് തൊഴിലാളികൾ. ഓണവും പട്ടിണിയിലായിരിക്കും. അതുകൊണ്ട് നമ്മുടെ സൊസൈറ്റികൾ വഴി ഈ തൊഴിലാളികൾക്ക് ഓണക്കിറ്റ് ഉൾപ്പെടെയുള്ള സഹായം നൽകുവാൻ കഴിയുമോയെന്ന് ഗൗരവമായി പരിശോധിക്കണം.

**വോട്ടർ പട്ടിക:**

അന്തിമ വോട്ടർപ്പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആകെ വോട്ടർമാരുടെ എണ്ണം, ബൂത്തുകളുടെ എണ്ണം അറിയിക്കണമെന്ന് ഒന്നുകൂടി അഭ്യർത്ഥിക്കുന്നു.

**ദുരിതാശ്വാസ ഫണ്ട്:**

ദുരിതാശ്വാസ ക്യാമ്പുകളിലും, ദുരന്തഭൂമിയിലും സഹായമെത്തിക്കുവാൻ ശ്രമിക്കുന്നതിനോടൊപ്പംതന്നെ പ്രളയക്കെടുതിയെ അതിജീവിക്കാൻ ആവശ്യമായ സാമ്പത്തികവും അനിവാര്യമാണ്. പരമാവധി തുക ജീവനക്കാരിൽ നിന്നും സമാഹരിക്കണം.

അഭിവാദനങ്ങളോടെ,

**സി.സന്തോഷ്കുമാർ,**
സർക്കിൾ സെക്രട്ടറി.